ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇപ്പോൾ തന്നെ കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ നല്ലൊരു പങ്കും ജനകീയാസൂത്രണ സംവിധാനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളാണ് നടപ്പിലാക്കി വരുന്നത്. ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെയാണ് കൃഷി വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ നടപടികൾ സ്വീകരിക്കുന്നതിനിടയിൽ ഏതെല്ലാം രീതിയിലുള്ള വായ്പകൾ അവർക്ക് സൗകര്യപ്പെടുത്തിക്കൊടുക്കാൻ കഴിയും ആ വായ്പ സൗകര്യപ്പെടുത്തിക്കൊണ്ട് എങ്ങനെ കൃഷി കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്നുള്ള കാര്യംകൂടി ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ട് ആലോചിച്ച് തീരുമാനമെടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

(2) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, കേരളത്തിലെ പതിനായിരക്കണക്കിന് ക്ഷീരകർഷകരും അവരെ സഹായിക്കുന്ന സഹകരണസംഘങ്ങളും നേരിടുന്ന പ്രശ്നങ്ങളാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന ഒരു വിപുലമായ മേഖലയാണ് ക്ഷീരവികസനം. ഏതാണ്ട് 2310 ആപ്കോസ് സംഘങ്ങളും 658 വ്യവസായ സംഘങ്ങളുമുള്ള ഈ മേഖലയിലെ കൃഷിക്കാരെ പൂർണ്ണ തോതിൽ സഹായിക്കാൻ കഴിയുന്നില്ല. ഇവിടെ നമുക്കാവശ്യമുള്ള പാൽ ഏതാണ്ട് 33.1 ലക്ഷം ടൺ ആണ്. ഉൽപ്പാദിപ്പിക്കുന്നത് ഏതാണ്ട് 26.75 ലക്ഷം ടൺ ആണ്. പാലുൽപ്പാദനം കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി വർദ്ധിച്ചുവരുന്നുണ്ട്. ഈ മേഖലയിലെ വളരെ പ്രധാനപ്പെട്ട പ്രശ്നമെന്നുപറയുന്നത് കാലിത്തീറ്റ ലഭിക്കായ്മയും അതിന്റെ വിലവർദ്ധനവുമാണ്. 1970-കളിൽ ഏതാണ്ട് 8.75 ലക്ഷം ഹെക്ടർ ഭൂമിയിൽനിന്ന് കിട്ടിയിരുന്ന വയ്ക്കോൽ ഇപ്പോൾ പകുതിയായി കുറഞ്ഞിട്ടുണ്ട്. ഇവിടെ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാനുള്ള തീരുമാനവും വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. മിൽക്ക് ഷെഡ് വികസന പരിപാടി സംസ്ഥാനമൊട്ടാകെ ഫലപ്രദമായി നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. പ്രതിവർഷം മിൽമ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ ഏതാണ്ട് 94,300 ടൺ ആണ്. ശരാശരി 500 ടൺ കാലിത്തീറ്റ പൊതുമേഖലയിൽ ഉൽപ്പാദിപ്പിക്കുമ്പോൾ പ്രൈവറ്റ് ഫാക്ടറികൾ 3000 ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നു. അപ്പോൾ സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, വലിയ വില കൊടുത്ത് കൃഷിക്കാർ കാലിത്തീറ്റ വാങ്ങേണ്ടിവരികയാണ്. 1996-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 37 ലക്ഷം പശുക്കളും, 1.7 ലക്ഷം എരുമകളും 18.6 ലക്ഷം ആടുകളുമാണുള്ളത്. ഇപ്പോൾ ഇവയുടെ എണ്ണം ഗണ്യമായി കൂടിയിട്ടുണ്ട്. എങ്കിലും 7 ലക്ഷത്തോളം ടൺ പാൽ സംസ്ഥാനത്ത് അധികമായി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ 21 ശതമാനം ഇപ്പോഴും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. പാൽ സംഭരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് മിൽമയാണ്. മിൽമ പലപ്പോഴും സംഘാംഗങ്ങളെ സഹായിച്ച് അതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

കർഷകരെ രക്ഷിക്കുന്നതിനു പകരം ദ്രോഹിക്കുന്ന നിലപാട് സ്വീകരിച്ചു വരുന്നു. ഒരു ലിറ്റർ പച്ചവെള്ളത്തിന്റെ വിലപോലും ഒരു ലിറ്റർ പാലിന് കിട്ടാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഇപ്പോൾ ആപ്പ്കോസ് സംഘങ്ങളിൽ ഒരു ലിറ്റർ പാലിന് 50 പൈസ കുറച്ചാണ് മിൽമ കൊടുക്കുന്നത്. വേനൽക്കാലത്ത് അധികം വരുന്ന പാൽ പൊടിയാക്കാൻ അയക്കുന്നുവെന്നപേരിൽ 3.25 രൂപ കുറച്ചു കൊടുത്താണ് മലബാർ മേഖലയിൽ പാൽ സംഭരിക്കുന്നത്. പരമ്പരാഗത സംഘങ്ങളിൽ നിന്നും പാൽ സംഭരിക്കാൻ തീരെ കഴിയില്ലെന്ന നിലപാടാണ് മിൽമ സ്വീകരിക്കുന്നത്. ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഒരു ലിറ്റർ പാലിന് 9.42 രൂപയാണ് മിൽമ നൽകുന്നത്. വിൽക്കുന്നത് 13 രൂപയ്ക്കും. 1996-97-ൽ ഒരു ലിറ്റർ പാലിന്റെ വില 8.5 രൂപയായിരുന്നു. അന്ന് കാലിത്തീറ്റയുടെ വില 148 രൂപ. ഇപ്പോൾ കാലിത്തീറ്റയ്ക്ക് മിൽമ ഈടാക്കുന്ന വില 330 രൂപയാണ്. അതേസമയം പാലിന്റെ വില ആനുപാതികമായി വർദ്ധിപ്പിക്കാൻ തയ്യാറായിട്ടില്ല. മിൽമ വലിയ നഷ്ടത്തിലാണെന്നാണ് പറയുന്നത്. എന്നാൽ ഈ നഷ്ടം പറയുന്ന മിൽമ ജീവനക്കാരുടെ ശമ്പളം, ടി. എ., മറ്റാനുകൂല്യങ്ങൾ, വാഹനങ്ങൾ ഇവയിലൊന്നും ഒരു കുറവും വരുത്തുന്നില്ലെന്നു മാത്രമല്ല അത് ഇരട്ടിയിലധികമായി വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. തങ്ങളെ എതിർക്കുന്ന ആപ്പ്കോസ് സംഘങ്ങളിലും അതുപോലെ പ്രൈമറി സംഘങ്ങളിലും നിന്ന് പാൽ എടുക്കുമ്പോൾ വിവേചനപരമായ ഒരു നിലപാട് മിൽമ സ്വീകരിക്കുന്നുവെന്ന ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. പരമ്പരാഗത സംഘങ്ങളിൽ നിന്നുമെടുക്കുന്ന പാലിന്റെ വില ഫാറ്റ് കണ്ടന്റിന്റെ പേരു പറഞ്ഞ് പലപ്പോഴും കുറയ്ക്കുന്നുവെന്ന ആക്ഷേപമാണ് അവർ ഉന്നയിക്കുന്നത്. ആഴ്ചയിൽ രണ്ടും മൂന്നും ക്യാൻ വീതം പാൽ കേട് വന്നു എന്ന കാരണം പറഞ്ഞ് സംഘത്തിന് നഷ്ടമുണ്ടാക്കുന്ന സ്ഥിതി ഉണ്ടാകാറുണ്ട്. പാലിന്റെ വില സംഘങ്ങൾക്കു നൽകുന്ന കാര്യത്തിലും ഈ വിവേചനം മിൽമ കാണിക്കുന്നുവെന്ന ആക്ഷേപവുമുണ്ട്. നഷ്ടത്തിലാണെന്നു പറയുമ്പോൾ, ലാഭത്തിലാക്കുന്നതിനുള്ള ഒരു ശ്രമവും മിൽമയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. പാലക്കാട് ജില്ലയിൽ മാത്രം 276 സംഘങ്ങളിൽ നിന്നായി ഒരു ലക്ഷം ലിറ്റർ പാൽ മിൽമ സംഭരിക്കുന്നുണ്ട്. 45,000 ലിറ്റർ മാത്രമാണ് അവിടെ വിതരണം ചെയ്യുന്നത് ബാക്കിയുള്ളത് മറ്റ് ജില്ലകളിലേയ്ക്കു കൊണ്ടു പോകുകയാണ്. ആ ജില്ലയിൽ ഒരു ലക്ഷത്തോളം ലിറ്റർ പാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇപ്പോൾ വരുന്നുണ്ട്. മിൽമ പാലിന്റെ ഗുണനിലവാരം കുറഞ്ഞതുകൊണ്ടല്ല. പക്ഷെ രാവിലെ മൂന്നു മണി മുതൽ സ്വകാര്യ ഏജൻസികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പാൽ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്ന് വിതരണം ചെയ്യുകയാണ്. മിൽമയുടെ പാൽ ഇവിടെ എത്തുന്നത് രാവിലെ ആറും ഏഴും മണിക്ക് ശേഷമാണ്. അതുപോലെതന്നെ വിതരണ സംവിധാനങ്ങൾ വിപുലപ്പെടുത്താൻ അവർ താല്പര്യം പ്രകടിപ്പിക്കുന്നില്ല. തമിഴ്നാട്ടിൽ നിന്നും മറ്റും പാൽകൊണ്ടുവരാൻ കാണിക്കുന്ന താൽപര്യം കർഷകർ ദുരുഹതയോടു കൂടിയാണ് നോക്കി കാണുന്നത്. ഭരണപരമായ ചെലവ് കുറയ്ക്കാൻ സ്റ്റേറ്റ് ഫെഡറേഷന്റെ ആവശ്യമില്ലെന്ന് ബഹുമാന്യനായ ഡോ. കുര്യൻ പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽ ഉണ്ടാകും. മൂന്നു യൂണിയനുകൾക്കു മീതെ ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംവിധാനത്തിന്റെ ആവശ്യമുണ്ടോയെന്ന് ആലോചിക്കണം. അതുപോലെ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കാനുള്ള സംവിധാനമുണ്ടായാലേ കർഷകർക്ക് ന്യായമായ വില ഉറപ്പു വരുത്താൻ സാധിക്കുകയുള്ളൂ. കുറച്ച വില പുനഃസ്ഥാപിക്കുക അതോടൊപ്പം ഉൽപ്പാദനച്ചെലവ് കണക്കാക്കി വില നിശ്ചയിക്കുക. സംഘങ്ങളിൽ നിന്നും പാൽ സംഭരിക്കുമ്പോൾ അവിടെത്തന്നെ വച്ച് ഫാറ്റുകണ്ടന്റു കണക്കാക്കി പാൽ ഏറ്റെടുക്കാനുള്ള സംവിധാനമുണ്ടെങ്കിൽ മാത്രമേ കർഷകർക്ക് ന്യായമായ വില സംഘങ്ങൾക്ക് കൊടുക്കാൻ സാധിക്കുകയുള്ളൂ. കാലിത്തീറ്റയുടെ വർദ്ധിപ്പിച്ച വില കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം. കർഷകർക്ക് ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും നൽകി ഈ മേഖലയെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ക്ഷീര മേഖലയുടെ സമഗ്രമായ വികസനത്തിന്റെ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചിരിക്കുന്നത്. അതിന്റെ എല്ലാ
10 A.M.] വശങ്ങൾക്കും കൂടി ഇപ്പോൾ ചുരുങ്ങിയ സമയം കൊണ്ട് മറുപടി പറയാൻ സാധിച്ചുവെന്നു വരില്ല. ഇപ്പോൾ ദേശീയ ക്ഷീര വികസന ബോർഡിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഓപ്പറേഷൻ ഫ്ളഡ് എന്ന ക്ഷീര വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന ത്രിതല സംവിധാനത്തിൽ ഒരു തലം വേണ്ടെന്ന് ഒരു സജഷൻ ഡോ. കുര്യൻ ഒരു സമയത്തു പറഞ്ഞുവെങ്കിലും വളരെ വേഗത്തിൽ അതില്ലാതാക്കുന്നത് ശരിയാണോയെന്ന് സംശയമുണ്ട്. മിൽമയുടെ കീഴിൽ ഓപ്പറേഷൻ ഫ്ളഡ് പദ്ധതിക്കുള്ള ദേശീയ ക്ഷീരവികസന ബോർഡിന്റെ സാമ്പത്തിക സഹായത്തിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. ദേശീയ ക്ഷീര വികസന ബോർഡും സർക്കാരും തമ്മിലുള്ള ധാരണ പ്രകാരമാണ് മേഖലാ യൂണിയനുകളുടെ നിയമാവലി തയ്യാറാക്കിയിരിക്കുന്നത്. അതനുസരിച്ച് ആനന്ദ് മാതൃക നിയമാവലി പ്രകാരം പ്രവർത്തിക്കുന്ന ക്ഷീരോത്പ്പാദന സംഘങ്ങൾക്ക് മാത്രമേ മിൽമയിൽ അംഗത്വം നൽകാൻ സാദ്ധ്യമാവുകയുള്ളൂ. ക്ഷീര വ്യവസായ സംഘങ്ങൾക്ക് മേഖലാ തലത്തിൽ അംഗത്വം നൽകണമെങ്കിൽ ബൈലായിൽ സമൂലമായ ഭേദഗതി വരുത്തി ആപ്കോസ് മോഡൽ സംഘങ്ങളായിട്ട് പ്രവർത്തിക്കേണ്ടതുണ്ട്. ഇത്തരത്തിൽ വരുന്ന ഭേദഗതി നിർദ്ദേശങ്ങൾ ക്ഷീര വികസന വകുപ്പ് ഡയറക്ടർ താമസംവിനാ അംഗീകരിച്ചു നൽകുന്നതാണ്. എല്ലാ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും മുഴുവൻ പാലും ഇപ്പോൾ സംഭരിക്കുന്നുണ്ട്. പാൽ സംഭരിക്കുന്നതിലും പാലിന് വില നൽകുന്നതിലും എല്ലാ സഹകരണസംഘങ്ങളെയും ഒരുപോലെയാണ് കാണുന്നത്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ അനുസരിച്ചാണ് മിൽമ കാലിത്തീറ്റയുടെ വില നിശ്ചയിക്കുന്നത്. കർഷകന് സഹായകമായിട്ട് ചില ഘട്ടങ്ങളിൽ നഷ്ടം സഹിച്ചും മിതമായ വിലയ്ക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ സർക്കാർ പരമാവധി യത്നിച്ചു വരുന്നു. പാൽ വില നിശ്ചയിക്കുന്നത് ക്ഷീര ഉൽപ്പാദകർ തെരഞ്ഞെടുക്കുന്ന മിൽമയിലെ പ്രതിനിധികളാണ്. ഇതര സംസ്ഥാനങ്ങളിൽ ക്ഷീരോൽപ്പാദകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്ന വിലയേക്കാൾ കൂടുതൽ വിലയാണ് ഇപ്പോൾ മിൽമ ക്ഷീരോത്പാദകർക്ക് നൽകുന്നത്. ഉൽപ്പാദനച്ചെലവിലുണ്ടാകുന്ന വർദ്ധനയ്ക്കനുസരിച്ച് സർക്കാരിന്റെ അംഗീകാരത്തോടുകൂടിയാണ് പാലിന്റെ വില നിശ്ചയിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ക്ഷീര കർഷകന് ലിറ്ററിന് 10 രൂപയിൽ കുറയാത്ത വില സഹകരണ സംഘങ്ങൾ നൽകേണ്ടതാണെന്ന് ക്ഷീര വികസന ബോർഡ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹമായ എല്ലാ ക്ഷീര കർഷകർക്കും ക്ഷേമ പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അതിന്റെ പുനസംവിധാനത്തെക്കുറിച്ച് പല നിർദ്ദേശങ്ങളുമുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പല പോരായ്മകളെക്കുറിച്ചും പറഞ്ഞു. എന്നാൽ ഒരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടത് ഇന്ന് ഒരു മാർക്കറ്റിംഗ് സംവിധാനമുണ്ട്. പോരായ്മകൾ ഉണ്ടായിരിക്കാം. പക്ഷെ ആ മാർക്കറ്റിംഗ് സംവിധാനത്തെ ശക്തിപ്പെടുത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യണം. അല്ലെങ്കിൽ നമുക്ക് വളരെ വൈഷ്യമ്യം വരും. 1987-ലും ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നു. അന്ന് പത്രങ്ങളിൽ വന്ന ഒരു വാർത്ത ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. അന്ന് വയനാട്ടിലൊക്കെ അധികം വന്ന പാൽ ഓടയിലൊഴുക്കിയെന്നാണ്. ഇന്ന് അത് വേണ്ടി വരുന്നില്ല. അതിന്റെ കാരണം ഇപ്പോൾ എക്സസ് മിൽക്കുണ്ടെങ്കിൽ അത് പൗഡർ ആക്കുന്നുണ്ട്. പൗഡർ ആക്കുന്നതിൽ നഷ്ടം വരാറുണ്ട്. ഈ പ്രൈമറി സംഘങ്ങൾ പാൽ രണ്ട് മൂന്ന് തരത്തിൽ വിൽക്കേണ്ടി വരുന്നു. ഒന്ന് അവരുടെ ലോക്കൽ സെയിൽസ് ആണ്, അവർ വിൽക്കുന്നത് 13 രൂപയ്ക്കാണ്. പിന്നെ മാർക്കറ്റിൽ കൊടുക്കുന്നത് 10 രൂപയ്ക്കാണ്. പിന്നെ കുറച്ച് എക്സസ് പാലുള്ളത് പൗഡർ ഫാക്ടറിക്ക് കൊടുക്കുമ്പോൾ അതിൽ അൽപ്പം വില കുറയ്ക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. മലബാർ യൂണിയൻ 50 പൈസ കുറച്ചുവെന്നുള്ളത് ശരിയാണ്. പക്ഷെ ഞാൻ അവരോട് അന്വേഷിച്ചപ്പോൾ അവർ സമ്മർ സീസണിൽ ഒരു രൂപയും രണ്ട് രൂപയും കൂടി കൊടുക്കുന്നുണ്ടെന്നാണ് പറഞ്ഞത്. യഥാർത്ഥത്തിൽ കാലിത്തീറ്റയുടെ പ്രശ്നമുണ്ട്. ഇന്ന് പല ത്രിതല പഞ്ചായത്തുകളും കാലിത്തീറ്റയുടെ കാര്യത്തിൽ അവർ തന്നെ സബ്സിഡൈസ് ചെയ്യുന്നുണ്ട്. ഇന്ന് ഡയറിയുടെ പല പ്രവർത്തനങ്ങളും ത്രിതല പഞ്ചായത്തുകളാണ് നടത്തികൊണ്ടിരിക്കുന്നത്. അങ്ങനെ പലവിധത്തിൽ ത്രിതല പഞ്ചായത്തുകളും സഹകരണസംഘങ്ങളും കൂടി ചേർന്ന് ഈ പ്രശ്നങ്ങൾ പരിഹരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല പ്രശ്നങ്ങളും ഉണ്ടെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇത് പരിഹരിക്കുന്നതിന് സമഗ്രമായ പരിപാടികൾ ആവിഷ്ക്കരിച്ച് കേരളത്തിൽ പശു വളർത്തുന്നവരെ രക്ഷിക്കാനും, പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. രാജേന്ദ്രൻ : വിതരണ കേന്ദ്രങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളത് ഇപ്പോൾ മിൽമ ചെയ്യുന്നുണ്ട്. ആഭ്യന്തര വിപണി വിപുലപ്പെടുത്തിയാലേ ഇത് കൂടുതൽ ഫലപ്രദമാകുകയുള്ളൂ. അതുകൊണ്ട് വിപണന കേന്ദ്രങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ തുടങ്ങാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ബഹുമാനപ്പെട്ട മെമ്പർ ഞാൻ പറഞ്ഞത് ശ്രദ്ധയോടെ കേട്ടിരിക്കുമല്ലോ. വിപണിയിൽ പ്രൈവറ്റ് കമ്പനികൾ വെളുപ്പാൻകാലം മൂന്നു മണി മുതൽ പാൽ കൊടുക്കുന്നുവെങ്കിലും അതിനോട് മത്സരിക്കാൻ ഇവർ തയ്യാറാകുന്നില്ലായെന്നുള്ളത് തീർച്ചയായും മിൽമാ മാനേജ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും കുറെക്കൂടി കോംപിറ്റേറ്റീവ് ആയിട്ടും ആവശ്യമുള്ള സ്ഥലത്തെല്ലാം വിപണന കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിനും നിർദ്ദേശം കൊടുക്കാം.

III സബ്മിഷൻ

(1) ശിവഗിരി അന്വേഷണ കമ്മീഷൻ റിപ്പോർട്ട്

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ശിവഗിരി അന്വേഷണം സംബന്ധിച്ച് ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ട് ഏതാണ്ട് നാല് മാസമായിരിക്കുന്നു. ആഗസ്റ്റ് മാസം 28-ാം തീയതി കമ്മീഷന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചതാണ്. പക്ഷേ ഈ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശുഷ്കാന്തി കാണിക്കുന്നില്ല. ഗവൺമെന്റിൽനിന്നും കാലതാമസമുണ്ടായ സാഹചര്യത്തിൽ സഭ തുടങ്ങുന്നതിന് മുൻപായി പ്രതിപക്ഷത്തുള്ള മെമ്പർമാർ ഇത് സംബന്ധിച്ച് ചോദ്യം ചോദിച്ചപ്പോൾ ഡിസംബർ 13-ാം തീയതി മുഖ്യമന്ത്രി നൽകിയ മറുപടി, ആവശ്യമായ കോപ്പികൾ അച്ചടിക്കുന്നതിന് ഗവൺമെന്റ് പ്രസ്സിൽ ഏർപ്പാട് ചെയ്തിട്ടുണ്ടെന്നാണ്. ഇന്നലെ വീണ്ടും ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. ജെ. ജോയിയുടെ ചോദ്യമുണ്ടായിരുന്നു. ആ ചോദ്യത്തിനും മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത് ഗവൺമെന്റ് പ്രസ്സിൽനിന്നും കോപ്പികൾ അച്ചടിച്ച് കിട്ടിയാൽ ഉടൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതാണ് എന്നാണ്. ഇത്ര പ്രധാനപ്പെട്ട ഒരു റിപ്പോർട്ടിനെക്കുറിച്ച് ആഴ്ചകൾ, മാസങ്ങൾ കഴിഞ്ഞിട്ടും ആവശ്യമായ കോപ്പികൾ അച്ചടിച്ചു കിട്ടുന്നില്ല എന്നുള്ളത് മനസ്സിലാക്കാൻ കഴിയുന്നില്ല. ഇത് ഗുരുതരമായ കൃത്യവിലോപമാണ്. ഇതേ ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ തന്നെ ബ്രഹ്മപുരം സംബന്ധിച്ച് ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു. ബ്രഹ്മപുരം സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ച ഏപ്രിൽ 11-ാം തീയതി രാത്രി തന്നെ അതിന്റെ സംക്ഷിപ്തം തയ്യാറാക്കി എല്ലാ ചട്ടങ്ങൾക്കും വിരുദ്ധമായി പത്രക്കുറിപ്പിറക്കാൻ തയ്യാറായി. ആ പത്രക്കുറിപ്പിന്റെ കോപ്പിയാണ് ഇത്. ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാരുടെ ബ്രഹ്മപുരം സംബന്ധിച്ചുള്ള റിപ്പോർട്ടിന്റെ കോപ്പി മുഖ്യമന്ത്രിക്ക് കിട്ടിയ അന്ന് രാത്രി പബ്ലിക് റിലേഷൻസ് വകുപ്പ് പത്രക്കുറിപ്പ് ഇറക്കി ജനങ്ങളെ മുഴുവൻ അറിയിക്കാൻ വ്യഗ്രത കാട്ടി. സാധാരണഗതിയിൽ ഒരു അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടു വന്നാൽ അസംബ്ലിയിൽ സമർപ്പിക്കുകയെന്നുള്ളതാണ് കീഴ്വഴക്കം. ആ കീഴ്വഴക്കമെല്ലാം ലംഘിച്ചുകൊണ്ട് ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാരുടെ ബ്രഹ്മപുരം സംബന്ധിച്ച റിപ്പോർട്ട് കിട്ടിയ അന്ന് വൈകിട്ട് പബ്ലിക് റിലേഷൻസ്

LIBRARY ARCHIVES Kerala Legislative Assembly